**ജനകീയാസൂത്രണം മുപ്പതാണ്ട് പിന്നിടുമ്പോൾ...**
**2026 ആഗസ്റ്റ് 16, കോട്ടൺഹിൽ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ**
**, തിരുവനന്തപുരം**

# പുത്തൻ സാങ്കേതിക വിദ്യകളും തദ്ദേശ ഭരണവും: നിർദ്ദേശങ്ങളും ഭാവി കാഴ്ചപ്പാടുകളും

സെക്ഷൻ : 8

പേര് : റിസ്വാൻ. സി

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സുതാര്യതയും കാര്യക്ഷമതയും സേവന നിലവാരവും ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

## 1. നിലവിലെ അവസ്ഥയും അഭിമുഖീകരിക്കുന്ന വെല്ലുവിളികളും

- **പ്ലാറ്റ്ഫോമുകളുടെ സംയോജനക്കുറവ്:** കെ-സ്മാർട്ട് നിലവിൽ വന്നുവെങ്കിലും വികസന പ്ലാനിംഗ്, ക്ഷേമ പെൻഷൻ തുടങ്ങിയ പ്രധാന മേഖലകൾ ഇതിലേക്ക് പൂർണ്ണമായി ഇന്റഗ്രേറ്റ് ചെയ്തിട്ടില്ല.
- **ഡാറ്റാഭാവം:** പ്ലാനിംഗിനായി 'സുലേഖ' എന്ന പ്ലാറ്റ്ഫോം നിലവിലുണ്ടെങ്കിലും അതിൽ ജനസംഖ്യാ വിവരങ്ങളോ കൃത്യമായ ഭൂമിശാസ്ത്രപരമായ വിവരങ്ങളോ ലഭ്യമല്ല.
- **സേവന വിതരണത്തിലെ തടസ്സങ്ങൾ:** പൊതുജനങ്ങൾ നേരിട്ട് K-SMART ഉപയോഗിക്കുന്നത് കുറവാണ്; ഭൂരിഭാഗം പേരും ഇപ്പോഴും അക്ഷയ/കമ്പ്യൂട്ടർ സെന്ററുകളെയാണ് ആശ്രയിക്കുന്നത്.
- **ദുർബലമായ കണക്ടിവിറ്റി:** സംസ്ഥാനത്ത് ഡിജിറ്റൽ ഡിവൈഡ് (Digital Divide) ശക്തമായി നിലനിൽക്കുന്നു. എല്ലാ വീടുകളിലും ഇന്റർനെറ്റ് കണക്ഷനും ഡിജിറ്റൽ ഡിവൈസുകളും ലഭ്യമായിട്ടില്ല.
- **ജനപ്രതിനിധികളുടെ പങ്കാളിത്തക്കുറവ്:** സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിൽ ഭൂരിഭാഗം ജനപ്രതിനിധികളും ഇപ്പോഴും പിന്നാക്കമാണ്.

## 2. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായുള്ള ഡിജിറ്റൽ ആസൂത്രണം (Digital Planning)

- **ഏകീകൃത പ്ലാനിംഗ് സോഫ്റ്റ്‌വേർ:** ഡിജിറ്റലൈസ് ചെയ്ത വിഭവ ഭൂപടങ്ങൾ (Resource Maps), സെൻസസ് ഡാറ്റ, പഞ്ചായത്ത് തലം വരെയുള്ള HDI /SDG സൂചികകൾ എന്നിവ സംയോജിപ്പിച്ചുള്ള പ്ലാനിംഗ് സോഫ്റ്റ്‌വേർ വികസിപ്പിക്കുക.
- **GIS, ഡിജിറ്റൽ ട്വിൻ (Digital Twin) സാങ്കേതികവിദ്യ:**
  - ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (GIS), 3D ഇമേജറികൾ, 'ഡിജിറ്റൽ ട്വിൻ' തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് വികസന പ്രശ്നങ്ങൾ (ഉദാഹരണത്തിന് വെള്ളക്കെട്ട്, കയ്യേറ്റങ്ങൾ) വിശകലനം ചെയ്യുകയും പരിഹാര പദ്ധതികൾ തയ്യാറാക്കുകയും ചെയ്യുക.
  - പുറമ്പോക്ക് ഭൂമിയും പഞ്ചായത്ത് വക വസ്തുക്കളും കൃത്യമായി മാപ്പ് ചെയ്ത് അനധികൃത കയ്യേറ്റങ്ങൾ നിരീക്ഷിക്കുക.
- **Big Data Analysis :** പഞ്ചായത്തുകളിലും നഗരസഭകളിലും ലഭ്യമാകുന്ന വിവരങ്ങൾ സുരക്ഷിതമായി സ്റ്റോർ ചെയ്യാനും, ഭാവി വികസന പദ്ധതികളുടെ അനാലിസിസിനായി ബിഗ് ഡാറ്റ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താനും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക.

### 3. സേവന വിതരണവും സിസ്റ്റം ഇൻ്റഗ്രേഷനും (Service Delivery & Integration)

- **വകുപ്പുകളുടെ പരസ്പര ബന്ധിപ്പിക്കൽ:** E-office, K-SMART, സിവിൽ രജിസ്ട്രേഷൻ തുടങ്ങി വിവിധ വകുപ്പുകളിലെ പ്ലാറ്റ്ഫോമുകൾ തമ്മിൽ വിവരങ്ങൾ കൈമാറാൻ തക്കവണ്ണം കണക്റ്റ് ചെയ്യുക.
- **ഓട്ടോമേറ്റഡ് സർവീസുകൾ:** മരണം രജിസ്റ്റർ ചെയ്താൽ പ്രത്യേക അപേക്ഷയില്ലാതെ തന്നെ പെൻഷൻ ഓട്ടോമാറ്റിക്കായി സസ്പെൻഡ് ചെയ്യുന്ന രീതിയിൽ ഡാറ്റ സംയോജിപ്പിക്കുക. സിവിൽ രജിസ്ട്രേഷനിൽ ബയോമെട്രിക് ഡാറ്റ കൂടി ഉൾപ്പെടുത്തുക.
- **ഏകീകൃത K-SMART ID:** എല്ലാ കുടുംബങ്ങൾക്കും (കുറഞ്ഞത് വീട്ടിൽ ഒരാൾക്കെങ്കിലും) K-SMART ID ഉറപ്പാക്കുക. പ്രോപ്പർട്ടി, ബിൽഡിംഗ് വിവരങ്ങൾ ഇതിലേക്ക് ലിങ്ക് ചെയ്യുന്നത് വഴി സർവീസ് ഡെലിവറിയുടെ ക്വാളിറ്റി കൂട്ടാനും പരാതികൾ കുറയ്ക്കാനും സാധിക്കും.
- **ഡിജിറ്റൽ ഗുണഭോക്തൃ ഫോമുകൾ:** അപേക്ഷാ ഫോമുകളും ഗുണഭോക്തൃ ഫോമുകളും പൂർണ്ണമായി ഡിജിറ്റൈസ് ചെയ്ത് ക്രമക്കേടുകളും (manipulation) വൈകലും ഒഴിവാക്കുക.

### 4. ആധുനിക സാങ്കേതികവിദ്യകളുടെ പ്രയോഗം (AI, IoT & Open Data)

- **എ.ഐ ചാറ്റ് ബോട്ടുകൾ:** പഞ്ചായത്ത് നിയമങ്ങളും ചട്ടങ്ങളും പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും എളുപ്പത്തിൽ മനസിലാക്കാൻ എ.ഐ (AI) ചാറ്റ് ബോട്ട് സംവിധാനം ഏർപ്പെടുത്തുക.
- **ഇന്റർനെറ്റ് ഓഫ് തിങ്സ് (IoT) & സെക്ടർ വൈസ് ഡാറ്റാബേസ്:**

    - കൃഷി (വിളകളുടെ കണക്ക്), മൃഗസംരക്ഷണം, വിദ്യാഭ്യാസം (കുട്ടികളുടെ കൊഴിഞ്ഞുപോക്ക് നിരീക്ഷണം), മൽസ്യബന്ധനം (യാനങ്ങളുടെ വിവരങ്ങൾ) തുടങ്ങി എൽ.എസ്.ജി.ക്ക് കീഴിലുള്ള എല്ലാ മേഖലകളുടെയും സമ്പൂർണ്ണ ഡിജിറ്റൽ ഡാറ്റാബേസ് തയ്യാറാക്കുക.
    - ലളിതമായ ഡാഷ്ബോർഡുകൾ വഴി ഓരോ മേഖലയുടെയും വളർച്ച തദ്ദേശ സ്ഥാപനങ്ങൾക്കും ഉദ്യോഗസ്ഥർക്കും വിലയിരുത്താനുള്ള സൗകര്യം ഒരുക്കുക.
- **വിർചൽ ഗ്രാമസഭകൾ:** വിർചൽ ആയി ഗ്രാമസഭകളും ആസൂത്രണ സമിതി യോഗങ്ങളും ചേരുന്നതിനായി ആവശ്യമായ നിയമഭേദഗതികൾ കൊണ്ടുവരിക.

## 5. ഇൻഫ്രാസ്ട്രക്ചർ, ഡിജിറ്റൽ സാക്ഷരത, വിഭവ സമാഹരണം

- **അടിസ്ഥാന സൗകര്യവും കണക്ടിവിറ്റിയും (Last-Mile Connectivity):**
    - കുടിവെള്ളവും പാർപ്പിടവും ഉറപ്പാക്കിയത് പോലെ ഓരോ വീട്ടിലും ഡിജിറ്റൽ ഡിവൈസുകളും അതിവേഗ ഇന്റർനെറ്റ് കണക്ഷനും ഉറപ്പാക്കാൻ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രത്യേക മിഷൻ ആരംഭിക്കുക.
    - ഇത് വഴി വയോജന സംരക്ഷണം (Geriatric Care), ഹോം കെയർ, അടിയന്തര സേവനങ്ങൾ എന്നിവ ഓൺലൈൻ അധിഷ്ഠിതമായി കാര്യക്ഷമമാക്കാം.
- **ജനപ്രതിനിധികൾക്കും ജീവനക്കാർക്കും ഉപകരണങ്ങൾ:**
    - ടാബ്‌ലെറ്റുകൾ, ലാപ്ടോപ്പുകൾ എന്നിവ വാങ്ങുന്നതിനായി ജനപ്രതിനിധികൾക്കും ജീവനക്കാർക്കും പലിശരഹിത ബാങ്ക് ലിങ്ക്ഡ് ലോൺ സ്കീമുകൾ ഏർപ്പെടുത്തുക. പലിശ തദ്ദേശ സ്ഥാപനങ്ങൾ വഹിക്കുകയും തുക ശമ്പളത്തിൽ നിന്നോ ഓണറേറിയത്തിൽ നിന്നോ ഈടാക്കുകയും ചെയ്യുക.
- **ഗ്ലോബൽ മലയാളി ടെക് അഡ്വൈസറി പാനൽ:**
    - അന്താരാഷ്ട്ര തലത്തിൽ പ്രവൃത്തിപരിചയമുള്ള മലയാളി ഐ.ടി വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ഓൺലൈൻ 'അഡ്വൈസറി പാനൽ' രൂപീകരിക്കുക.
    - ഇൻഫർമേഷൻ കേരള മിഷനുമായി (IKM) സഹകരിച്ച് പുതിയ സാങ്കേതികവിദ്യകൾ പങ്കുവെക്കാനും (Know-how exchange) സാങ്കേതിക സഹകരണത്തിനും (Technical Collaboration) ഇവർ വഴി അവസരമൊരുക്കുക.

## 6. പോളിസി നിർദ്ദേശം (Special Policy Recommendation)

- **തദ്ദേശ ഭരണ ഡിജിറ്റൽ പോളിസി:** സംസ്ഥാന ഐ.ടി പോളിസിക്ക് പുറമേ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി മാത്രമായി സമഗ്രമായ ഒരു **"LSG ഡിജിറ്റൽ ഗവേണൻസ് പോളിസി"** സർക്കാർ രൂപീകരിക്കേണ്ടതുണ്ട്.

- വികസന പ്രവർത്തനങ്ങൾ (Developmental), ക്ഷേമ പ്രവർത്തനങ്ങൾ (Welfare), നിയന്ത്രണ നിയമങ്ങൾ (Regulatory) എന്നീ മൂന്ന് മേഖലകളെയും കോർത്തിണക്കി

സമ്പൂർണ്ണ ഡിജിറ്റൈസേഷൻ നടപ്പിലാക്കാൻ ഇത്തരം ഒരു സ്പെഷ്യൽ പോളിസി സഹായിക്കും.